പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 66 — 30-01-2019-ലെ മറുപടി

## ജലവിഭവ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കിഫ്ബി പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. കെ.ഡി. പ്രസേനൻ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | എല്ലാവർക്കും കുടിവെള്ളം എത്തിക്കുകയെന്ന ലക്ഷ്യത്തോടെയും ജലസേചനം കാര്യക്ഷമമാക്കുന്നതിനും ജലവിഭവ വകുപ്പ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | (എ) | **ജലസേചന വകുപ്പ്**<br>(1). മൂലത്തറ വലതുകര കനാലിന്റെ ദീർഘിപ്പിക്കൽ കോരയാർ മുതൽ വരട്ടയാർവരെ<br>സ്ഥലമെടുപ്പ് പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്<br>(2). കണ്ടൂർ തോടിന്റെ നവീകരണം<br>വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.<br>(3) 20 നദികളിൽ 28 റഗുലേറ്ററുകളുടെ നിർമ്മാണം.<br>16 റഗുലേറ്ററുകളുടെ നിർമ്മാണത്തിന് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഒരു പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു. ഏഴ് പദ്ധതികളുടെ റിപ്പോർട്ടുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. ബാക്കിയുള്ള പദ്ധതികളുടെ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ അനുബന്ധം I ആയി |

| | | | |
|---|---|---|---|
| | | | ചേർത്തിരിക്കുന്നു.<br><br>**കേരള ജല അതോറിറ്റി**<br><br>2016-17 ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി ധന-സഹായത്തോടു കൂടി 23 പ്രധാന പദ്ധതികൾക്ക് 1257.1 കോടി രൂപയുടെയും 11 പദ്ധതികൾക്കായി 433.33 കോടി രൂപ യുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. 23 പദ്ധതികൾ 57 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. അതിൽ 40 പാക്കേജുകൾ ടെണ്ടർ ചെയ്തു കഴിഞ്ഞു. അവയിൽ 3 പാക്കേജുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 31 പാക്കേജുകളുടെ പ്രവൃത്തികൾ പുരോഗമിക്കുകയും 2 പാക്കേജുകൾക്ക് വർക്ക് ഓർഡർ നൽകുകയും 4 പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന 17 പാക്കേജുകളിൽ 11 പാക്കേജുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 6 പാക്കേജുകൾ ടെണ്ടർ ചെയ്യപ്പെട്ട പാക്കേജുകളുടെ പുരോഗതിയ്ക്കനുസരിച്ച് ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതാണ്.<br><br>കൂടാതെ നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയ്വ സ്ഥാപിക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തിയ 433.33 കോടി രൂപയുടെ പ്രൊപ്പോസലുകളിൽ 5 ജില്ലകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം) 49 പ്രോപോസലുകൾക്ക് 231.44 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തു. ബാക്കിയുള്ള പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2017-18 ൽ ഉൾപ്പെട്ടിട്ടുള്ള 36 കിഫ്ബി പദ്ധതികളുടെ വിശദമായ എൻജിനീയറിങ് റിപ്പോർട്ട് തയ്യാറാക്കുകയും അവയിൽ 35 പദ്ധതികൾക്ക് അനുമതി നൽകി കിഫ്ബിയിൽ സമർപ്പിക്കുകയും അതിൽ 21 കുടിവെള്ള പദ്ധതികൾക്ക് 1140.784 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ബാക്കി 1144.50 കോടി രൂപയുടെ 14 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. ശേഷിച്ച 85 കോടി രൂപയുടെ ഒരു പദ്ധതി പരിശോധിച്ചു വരുന്നു.<br><br>2018 - 19 ൽ ഉൾപ്പെട്ട 262.5 കോടി രൂപയുള്ള രണ്ട് കിഫ്ബി പദ്ധതികളുടെ വിശദമായ എൻജിനീയറിങ് റിപ്പോർട്ടിന് അനുമതി നൽകുകയും കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | റോഡ്-റെയിൽ കട്ടിംഗിന് അനുമതി ലഭ്യമാകാത്തതുകൊണ്ട് നഗരങ്ങളിൽ ഉൾപ്പെടെ കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുന്നതിനാൽ അതിന് വേണ്ട അനുമതി നേടിയെടുക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോ; | (ബി) | ബന്ധപ്പെട്ട വകുപ്പുകളുമായി ആവശ്യമായ ഇടപെടലുകൾ നിരന്തരം നടത്താറുണ്ട്. |
| (സി) | വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിന് കിഫ്ബി ഫണ്ടിൽ നിന്നും 600 കോടി | (സി) | വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിന് കിഫ്ബി ഫണ്ടിൽ നിന്നും 600 കോടി രൂപ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | ത്രൂപ ഉപയോഗിച്ച് വിവിധ നദികളിൽ റെഗുലേറ്ററുകൾ നിർമ്മിക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | | ഷിറിയ, കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, മാഹി, കുറ്റ്യാടി, കടലുണ്ടി, മൂവാറ്റുപുഴ, ഇത്തിപ്പുഴ, മുറിഞ്ഞപ്പുഴ, പൂന്തോട്ടി, അച്ചൻകോവിൽ, മണിമല, വാമനപുരം, കരമന, മുതലായ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ 28 റെഗുലേറ്ററുകൾ നിർമ്മിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കിവരുന്നു.<br>നിലവിൽ 16 റഗുലേറ്ററുകൾക്ക് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ വേണ്ടിയുള്ള തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിലെ കുപ്പംപുഴയിലെ ചപ്പരക്കടവ് പഞ്ചായത്തിൽ കുവേരി കട്ടംപ്പള്ളി റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കാനുള്ള അനുമതി കിഫ്ബി ഇതിനോടകം നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ നടന്നു വരുന്നു. മറ്റു റഗുലേറ്ററുകളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഏറെക്കാലമായി പൂർത്തീകരിക്കാനാകാതെ നീണ്ടു പോകുന്നതും വലിയ തുക നിശ്ചല നിക്ഷേപമായി മാറിയതുമായ വൻകിട ജലസേചന പദ്ധതികൾ സത്വരമായി പൂർത്തീകരിക്കാൻ ചെയ്തു വരുന്ന കാര്യങ്ങൾ വിശദമാക്കാമോ? | (ഡി) | ഏറെക്കാലമായി പൂർത്തീകരിക്കാനാകാതെ നീണ്ടു പോകുന്ന 2 പദ്ധതികളാണ് മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയും ഇടമലയാർ ജലസേചന പദ്ധതിയും. മൂവാറ്റുപുഴ നദീതട പദ്ധതി 2020 മാർച്ചിനകം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂവാറ്റുപുഴ നദീതട പദ്ധതിയുടെ ഡാമും പ്രധാന കനാലുകളും, ശാഖാ കനാലുകളും പൂർത്തീകരിച്ചു. ഉപശാഖാ കനാലുകൾ 90% പൂർത്തീകരിച്ചു. ഇനി പൂർത്തീകരിക്കാനുള്ളവ 2020 മാർച്ചിനകം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇടമലയാർ ജലസേചന പദ്ധതിയിൽ 32278 മീറ്റർ മെയിൻകനാൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ലോ ലെവൽ കനാലിൽ 15000 മീറ്റർ പണിതതിൽ ഇടയിലുള്ള രണ്ട് ഭാഗങ്ങൾ പൂർത്തീകരിക്കുവാനുണ്ട്. ഒരെണ്ണത്തിന്റെ പണി (MC road crossing) പുരോഗമിക്കുന്നു. അടുത്ത ഭാഗം ഐ.ഐ.പി ലോ ലെവൽ കനാലിന്റെ ചെയിനേജ് 13818.5 മീറ്ററിൽ റെയിൽവേ ലൈനിന്റെ അടിയിലൂടെ കനാൽ നിർമ്മിച്ച് ജലസേചനം നടത്തുന്നതിന് വേണ്ടി റെയിൽവേയ്ക്ക് ആകെ 3,06,36,238/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി നാളിതുവരെ റെയിൽവേ ആരംഭിച്ചിട്ടില്ല തിരുവനന്തപുരം റെയിൽവേയുടെ ഡി.ആർ.എം ഓഫീസിൽ നിന്നാണ് ഈ പ്രവൃത്തി ടെണ്ടർ ചെയ്യേണ്ടത്. എന്നാൽ നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഇത് നടപ്പിലാക്കാൻ റെയിൽവേ ശ്രമിക്കുന്നില്ല.<br><br>ഇടമലയാർ പദ്ധതി ചാലക്കുടി പദ്ധതിയുമായി ബന്ധിപ്പിക്കുന്ന 7575 മീറ്റർ ഉള്ള ലിങ്ക് കനാലിന്റെ 2000 മീറ്റർ വരെ 90% പൂർത്തിയായി. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികളെക്കുറിച്ച് തീരുമാനമെടുക്കുന്നതിനായി പ്ലാനിംഗ് ബോർഡിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

നിയമസഭ

| Sl. No | Name of Work | Amount (in lakhs) | Name of District | Name of River | Name of LA Constituency | Details of In principle sanction | Remarks |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 8 | 10 |
| List of work whose in-principle sanction has been issued | | | | | | | |
| 1 | MRVP Construction of Regulator cum bridge across Meenachil river at Koottanal kadavu in Bharananganam Pt | 1180 | Kottayam | Meenachil | *Pala* | *In principle sanction issued vide GO (Rt) No 859/2017/WRD. Dated:17/10/2017* | |
| 2 | MRVP Construction of Minidam cum regulator at Chempilavu in Kidangoor Panchayath- | 1010 | Kottayam | Meenachil | ***Kadathuruthy*** | *In principle sanction issued vide GO (Rt) No 859/2017/WRD. Dated:17/10/2017* | |
| 3 | Construction of regulator across Manimala river on the downstream side of Paduthodu Bridge for the benefit of RWSS to Puramattamand Ezhumattoor | 1740 | Pathanamthitta | Manimala | **Thiruvalla** | *In principle sanction issued videGO (Rt) No 780/2018/WRD Dated:30/10/2018* | |
| 4 | Construction of regulator across Achenkovil river on the downstream side of Kaipattur bridge for the benefit of WSS to Adoor Municipality, Ezhamkulam ,Enath, Erath,Pallikkal and Omallur Panchayaths Kuttanad Water Supply Scheme in Pathanamthitta District | 1913 | Pathanamthitta | Achenkovil | **Konni** | *In principle sanction issued videGO (Rt) No 780/2018/WRD Dated:30/10/2018* | |
| 5 | Construction of a new regulator across Konothu puzha | 2500 | Ernakulam | Konothu puzha (Muvattupuzha) | **Tripunithura** | *In principle sanction issued videGO (Rt) No 780/2018/WRD Dated:30/10/2018* | |
| 6 | Construction of a regulator cum bridge across Chittoor puzha at Vadakarapalli, Palathully in Perumvemba and Polpully Grama Panchayath in Palakkad District | 3970 | Palakkad | Chittur puzha | **Chittur** | *In principle sanction issued vide GO (Rt) No 943/2018/WRD Dated:31/12/2018* | |
| 7 | Construction of a Regulator cum Bridge at the D/s of LIS Kaladikunnu in Thiruvegapura Panchayath | 2550 | Palakkad | Thoothapuzha | **Pattambi** | ***In principle sanction issued vide GO (Rt) No 943/2018/WRD Dated:31/12/2018*** | |
| 8 | Construction of RCB upstream of Perincheri kadavu across Kuttiady river (Gulikapuzha) in Kozhikode District. | 5700 | Kozhikode | Kuttiady | ***Perambra, Kuttiady*** | ***In principle sanction issued vide GO (Rt) No 859/2017/WRD. Dated:17/10/2017*** | |
| 9 | Construction of RCB across poonur puzha near KWA pumping house at poolakkadave in Kozhikode District | 3000 | Kozhikode | Poonur puzha (Korapuzha) | **Elathur** | ***In principle sanction issued videGO (Rt) No 780/2018/WRD Dated:30/10/2018*** | |
| 10 | Construction of Regulator across Chaliyar river at Kalathumkadavu in Nilambur Municipality in Nilambur LAC | 5000 | Malappuram | Chaliyar | **Nilambur , Ernad** | ***In principle sanction issued videGO (Rt) No 780/2018/WRD Dated:30/10/2018*** | |

REGULATORS PROPOSED UNDER KIIFB (Included in budget speech 2017-18)

| Sl. No | Name of Work | Amount (in lakhs) | Name of District | Name of River | Name of LA Constituency | Details of In principle sanction | Remarks |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 8 | 10 |
| 11 | Construction of Regulator at Puzhankavu across Kadalundi River | 1280 | Malappuram | Kadalundi | *Malappuram, Manjeri* | *In principle sanction issued GO (Rt) No 859/2017/WRD. Dated:17/10/2017* | |
| 12 | Construction of Regulator across Chaliyar river at Pannippara – Pallimukku in Edavanna Panchayath | 3000 | Malappuram | Chaliyar | *Eranad* | *In principle sanction issued vide GO (Rt) No 859/2017/WRD. Dated:17/10/2017* | |
| 13 | Construction of RCB across Thootha River at Keezhumurikkadavu - Mothikkayam in Moorkkanad Panchayath of Malappuram Dist in Mankada LAC | 7000 | Malappuram | Thoothappuzha | *Pattambi, Mankada* | *In principle sanction issued vide GO (Rt) No 794/2017/WRD. Dated:27/9/2017* | |
| 14 | Construction of RCB at Kanka kadavu across Bharathapuzha in Kuttippuram Panchayath | 10000 | Malappuram | Bharathapuzha | *Thrithala, Kottakkal* | *In principle sanction issued vide GO (Rt) No 859/2017/WRD. Dated:17/10/2017* | |
| 15 | Construction of RCB across Kuppam river at Kooveri Kattampally in Chapparappadavu Panchayat in Kannur Dt | 3150 | Kannur | Kuppam River | *Thaliparambu* | *In principle sanction issued videGO (Rt) No 794/2017/WRD. Dated:27/9/2017* | Approved by KIIFB |
| 16 | Construction of Regulator at Paraprani across Anjarakkandy river in Pinarayi Grama panchayath in Kannur District | 5000 | Kannur | Anjarakandy River | **Dharmadam** | *In principle sanction issued vide GO (Rt) No 943/2018/WRD Dated:31/12/2018* | |

57993

| Sl No | Name of Work | Amount (in lakhs) | Name of District | LA Constituency | Remarks |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 11 |
| **List of works Investigation/Design / DPRpreparation progessing** | | | | | |
| 17 | Construction of Regulator across Vamanapuram river at Ayilamkadavu in Mudakkal Panchayath | 1000 | Thiruvananthapuram | Attingal | |
| 18 | Construction of regulator cum bridge across Neyyar River at Mavilalakadavu downstream of KWA pump house to prevent salinity intrusion | 1000 | Thiruvananthapuram | Attingal | |
| 19 | Construction of regulator across Pampa river in Mundapuzha Thottamon in Ranny Panchayat for the benefit of RWSS to Ranny Pazhavangadi and Vadasserikkara Pt | 1000 | Pathanamthitta | Ranni | |
| 20 | Constuction of regulator across Muvattupuzha at Poothotta in Chembu Panchayath in Kottayam District | 2000 | Kottayam | Tripunithura, Vaikom | |
| 21 | Construction of Regulator cum Bridge with lock across Muvattupuzha river at Ithipuzha in Vaikom Constituency. | 2000 | Kottayam | Vaikom | |
| 22 | Construction of Regulator cum Bridge with lock across Muvattupuzha river at Murinjapuzha in Vaikom Constituency. | 2000 | Kottayam | Vaikom | |
| 23 | Construction of Regulator cum Bridge with lock across Meenachil river at Thazhathangadi bhagom in Arpookara GP and Kottayam Municipality. | 2000 | Kottayam | Ettumannoor | |
| 24 | Construction of Salt water extrusion Regulator across Poorapuzha at D/s of Kettungal thodu (near Kettungal beach) between Parappanangadi and Tanur Municipality. | 2500 | Malappuram | Thirurangadi | |
| 25 | Construction of Regulator across Ummanchira river at Chekku Palam in Pinarayi Grama panchayath in Kannur District | 2000 | Kannur | Dharmadam | |
| 26 | Construction of RCB across Kuppam river at Up stream of Kuppam Bridge in Pariyaram Panchayath in kannur District. | 2000 | Kannur | Taliparambu | |
| 27 | Construction of SWECB at Kanchiakatte across Kumbla river in Kumbla Panchayath | 1500 | Kasaragod | Manjeswar | |
| 28 | Construction of SWECB at Chithari Upstream of old Chithari Regulator in Pallikkara in Panchayat | 1500 | Kasaragod | Uduma | |